# <u>റിപ്പോർട്ട്</u>

## 7-ാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രപുസ്തകം വിതരണം ചെയ്തത് മാറിയത് സംബനധിച്ച്

മലപ്പുറം ജില്ലയിലെ മുണ്ടമ്പ്ര ജി.യു.പി.സ്ക്കൂളിൽ 7-ാം ക്ലാസ്സിലെ കുട്ടികൾക്ക് വിതരണം ചെയ്ത സാമൂഹ്യശാസ്ത്രപുസ്തകം മാറിയത് സംബന്ധിച്ച് 22.06.2012-ന് വിശദമായ അന്വേഷണം നടത്തുകയുണ്ടായി. പ്രസ്തുത സ്ക്കൂളിലെ 2012-13 വർഷത്തെ 7-ാം ക്ലാസ്സിലെ 130 സാമൂഹ്യശുസ്ത്ര പുസ്തകങ്ങൾക്കാണ് 19.03.2012-ന് ഇന്റന്റ് നൽകിയത്. 2011-12 വർഷത്തെ 7-ാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം കണക്കാക്കിയാണ് പുസ്തകത്തിന്റെ എണ്ണം നൽകിയത്. 2012 ഏപ്രിൽ 25 നും മെയ് 20നും രണ്ടു ഘട്ടങ്ങളിലായാണ് സ്ക്കൂളിൽ പുസ്തകമെത്തിയത്. മെയ് 20-ന് എത്തിയ പുസ്തകങ്ങളിലാണ് 7-ാം ക്ലാസ്സിലെ സോഷ്യൽ സയൻസ് പുസ്തകം സ്ക്കൂളിലെത്തിയത്. പാഠപുസ്തകം വിതരണം ചെയ്യുവാൻ പ്രധാനാദ്ധ്യാപകൻ 2 അദ്ധ്യാപകരെ ചുമതലപ്പെടുത്തുകയും അവർ 04.06.2012-ന് ഓരോ ക്ലാസ്സ് ടീച്ചേഴ്സിനും വിതരണം ചെയ്യുവാൻ ഏൽപ്പിക്കുകയും ചെയ്തു. അദ്ധ്യാപകർ ഓരോ ക്ലാസ്സിലും അന്നുതന്നെ വിതരണം ചെയ്യുകയും ബാക്കി വന്ന 7 പുസ്തകങ്ങൾ കൊഴക്കോട്ടൂർ എ.യു.. പി.സ്ക്കൂളിൽ (സൊസൈറ്റി) തിരിച്ചേൽപ്പിക്കുകയും ചെയ്തു. പുസ്തകത്തിന്റെ പുറംചട്ട ഒരേ പോലെ ആയതിനാൽ പുസ്തകം വിതരണം ചെയ്ത സമയത്ത് 2008-ലെ സാമൂഹ്യശാസ്ത്രപുസ്തകം ഉൾപ്പെട്ടത് അദ്ധ്യാപകരുടെ ശ്രദ്ധയിൽപ്പെട്ടില്ല. 21.06.2012-ന് മാത്രമാണ് 2008-ലെ സാമൂഹ്യശാസ്ത്ര പുസ്തകം വിതരണം ചെയ്ത കാര്യം പ്രധാനാദ്ധ്യാപകന്റെ ശ്രദ്ധയിൽപ്പെടുന്നത്. ഉടൻതന്നെ എ.ഇ. ഒ.യെ വിവരം അറിയിക്കുകയും എ.ഇ.ഒ.യുടെ നിർദ്ദേശപ്രകാരം വിദ്യാർത്ഥികളിൽ നിന്നും പുസ്തകങ്ങൾ മടക്കി വാങ്ങുകയും ചെയ്തിട്ടുണ്ട്. 21.06.2012-ന് 42 പുസ്തകങ്ങൾ മടക്കി വാങ്ങി സ്ക്കൂളിൽ സൂക്ഷിച്ചിട്ടുണ്ട്. ബാക്കി പുസ്കങ്ങൾ 22.06.2012-ന് സ്ക്കൂളിന് അവധിയായതിനാൽ 23.06.2012-ന് ശനിയാഴ്ച മടക്കിവാങ്ങുന്നതാണെന്ന് പ്രധാനാദ്ധ്യാപകൻ അറിയിച്ചിട്ടുണ്ട്.

സാമൂഹ്യശാസ്ത്രപുസ്തകം മാറിയത് സംബന്ധിച്ച് രക്ഷിതാക്കളാരും തന്നെ സ്ക്കൂളിൽ പരാതി അറിയിച്ചിട്ടില്ലായിരുന്നുവെന്ന് പ്രധാനാദ്ധ്യാപകൻ സൂചിപ്പിച്ചിട്ടുണ്ട്. 21.06.2012-ന് ഉച്ചയ്ക്ക് ശേഷം ചേർന്ന എം.പി.ടി.എ. യോഗത്തിലാണ് ആദ്യമായി പുസ്തകത്തിലെ അപാകതയെക്കുറിച്ച് ഒരു രക്ഷിതാവ് സൂചിപ്പിച്ചിട്ടുള്ളത്. സ്ക്കൂളിൽ പഴയ പാഠപുസ്തകങ്ങളൊന്നും സൂക്ഷിച്ചിട്ടില്ലായിരുന്നുവെന്നും ഈ വർഷം ലഭിച്ച പുസ്തകങ്ങൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂവെന്നും പ്രധാനാദ്ധ്യാപകൻ അറിയിച്ചിട്ടുണ്ട്.

എന്നാൽ അന്വേഷണത്തിനിടയിൽ സ്ക്കൂളിലെത്തിയ ചില രക്ഷിതാക്കളും പി.ടി.എ. മെമ്പർമാരും ഒരു പരാതി എഴുതിനൽകുകയുണ്ടായി. ചില വിദ്യാർത്ഥികൾ ഈ വിഷയം മനോജ് എന്ന അദ്ധ്യാപകനെ അറിയിച്ചിരുന്നു വെന്നും എന്നാൽ അദ്ധ്യാപകർ ഈ വിഷയം ശ്രദ്ധിച്ചില്ലെന്നും പരാതിയിൽ പരാമർശിച്ചിട്ടുണ്ട്. പുസ്തകത്തിലെ ഒന്നാം പാഠമായ 'മണ്ണിനെ പൊന്നാക്കാൻ' എന്നതിലെ 'ചർച്ചയിൽ നമുക്കും പങ്കുചേരാം' എന്നഭാഗത്തിലെ ചോദ്യങ്ങളുടെ എണ്ണത്തിലെ വ്യത്യാസമാണ് കുട്ടികൾ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് വന്ന 12-ാം പേജിലെ റഫറൻസ് ഗ്രന്ഥങ്ങളുടെ പട്ടികയിലും വ്യത്യാസം കണ്ടപ്പോഴാണ് പുസ്തകം മാറിയത് സംബന്ധിച്ച വിവരം മനസ്സിലായതെന്നും അദ്ധ്യാപകൻ ബോധിപ്പിച്ചിട്ടുണ്ട്. ഉടൻതന്നെ പ്രസ്തുത അദ്ധ്യാപകൻ പ്രധാനാദ്ധ്യാപകനെ വിവരമറിയിച്ച് പുസ്തകം തിരിച്ചുവാങ്ങിയതായും അറിയിച്ചു.

പുസ്തകവിതരണകേന്ദ്രമായ കൊഴക്കോട്ടൂർ എ.യു.പി.സ്ക്കൂളിൽ തുടർന്ന് പരിശോധന നടത്തുകയുണ്ടായി. ഈ വർഷം വന്ന പുസ്തകങ്ങൾ മാത്രമേ വിതരണം ചെയ്തിട്ടൊള്ളൂ വെന്നും പഴയ പുസ്തകങ്ങളൊന്നും തന്നെ സ്ക്കൂളിൽ സൂക്ഷിച്ചിട്ടില്ലായിരുന്നുവെന്നും പ്രധാനാദ്ധ്യാപകൻ അറിയിച്ചു. തപാൽ വഴി വന്ന പുസ്തകങ്ങളുടെ വിഷയവും ക്ലാസ്സും നോക്കി കുട്ടികളുടെ എണ്ണത്തിനനുസരിച്ച് 3 യു.പി.സ്ക്കൂളുകൾക്ക് നൽകുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ഓരോ പുസ്തകവും

വിശദമായി പരിശോധിച്ച് നൽകാറില്ലെന്നും പ്രധാനാദ്ധ്യാപകനും സൊസൈറ്റിയുടെ ചാർജ്ജുള്ള അദ്ധ്യാപകനും അറിയിച്ചിട്ടുണ്ട്. മുണ്ടമ്പ്ര ജി.എം.യു.പി.സ്ക്കൂളിൽ നിന്ന് 7 പുസ്തകങ്ങളും അരീക്കോട് ജി.യു.പി.സ്ക്കൂളിൽ നിന്ന് 2 പുസ്തകങ്ങളും മാത്രമാണ് തിരിച്ചേൽപ്പിച്ചിട്ടുള്ളത്. ഇതിൽ മുണ്ടമ്പ്ര ജി.എം.യു.പി.സ്ക്കൂളിൽ നിന്നും തിരിച്ചേൽപ്പിച്ച 7 പുസ്തകങ്ങളും 2008–ലെ സാമൂഹ്യശാസ്ത്രപുസ്തകങ്ങളാണ്, ഇവ സ്ക്കൂളിൽ സൂക്ഷിച്ചിട്ടുണ്ട്.

വിതരണത്തിനായി ഈ വർഷം വന്ന പുസ്തകങ്ങളിലാണ് 2008–ലെ സാമൂഹ്യശാസ്ത്രപുസ്തകം ഉൾപ്പെട്ടതെന്ന് പ്രാഥമികമായി മനസ്സിലാക്കുന്നു. എന്നാൽ പുസ്തകം വിതരണം ചെയ്തപ്പോൾ പുറംചട്ട വ്യത്യാസമില്ലാത്തതുകൊണ്ട് വിശദമായ പരിശോധനയില്ലാതെ വിദ്യാർത്ഥികൾക്ക് നൽകുകയുമാണുണ്ടായതെന്ന കാര്യം റിപ്പോർട്ട് ചെയ്യുന്നു.

(ഒപ്പ് )

വിദ്യാഭ്യാസ ഉപഡയറക്ടർ,

മലപ്പുറം.